മാരാമൺ കൺവൻഷൻ 2024

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2024 ഫെബ്രുവരി 14 ബുധൻ

## മാരാമൺ കൺവൻഷൻ – എക്യൂമെനിക്കൽ മീറ്റിംഗ്

# വ്യത്യസ്തതകളിലെ വിശ്വദർശനം

**ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്**



**മാരാമൺ കൺവൻഷൻ എക്യൂമെനിക്കൽ യോഗത്തിൽ ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് പ്രസംഗിക്കുന്നു**

**യു**ദ്ധങ്ങളും കലഹങ്ങളും മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾ ഇന്ന് ലോകത്തുണ്ട്. സഭ ലോകത്തിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ചാലകങ്ങളാണ്. മനുഷ്യർക്ക് തണലേകുക എന്നതാണ് സഭയുടെ നിയോഗം. അനുരഞ്ജനം സഭയുടെ ദൗത്യമാണ്, അതിൽ നിന്ന് പിന്മാറാൻ സഭയ്ക്ക് ഒരിക്കലും സാധിക്കില്ല. സത്യത്തിന്റെ പാതയിൽ മുന്നേറുവാനുള്ള ധൈര്യം ദൈവം സഭയ്ക്ക് നൽകിയിട്ടുണ്ട്. ഈ ധൈര്യം സംഭരിച്ച്, സുവിശേഷത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിതമാക്കുവാൻ ഓരോ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സുവിശേഷദൗത്യം നിർവഹിക്കുന്നതിൽ നിന്ന് സഭകളെ പിന്നോട്ടടിക്കുന്നത് സഭകൾ തമ്മിലുള്ള അനൈക്യമാണ്. ഈ അനൈക്യം ഇല്ലാതാക്കുവാൻ നാം ശ്രമിക്കണം. ക്രിസ്തു ആഗ്രഹിക്കുന്നത്, സഭകൾ ഒരുമയിൽ വസിക്കണം എന്നാണ്. യേശുകർത്താവിന്റെ പ്രാർത്ഥനയും അതുതന്നെയായിരുന്നു. ക്രിസ്തു വിഭാവനം ചെയ്യുന്ന ഒരുമയിൽ നാം എത്തിപ്പെടുമ്പോൾ ആണ്, ലോകത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. സഭകളുടെ കൂട്ടായ്മയ്ക്കുള്ള സാധ്യതകളെ നാം അന്വേഷിക്കണം. ക്രൈസ്തവ വിശ്വാസം സ്വീകരിച്ച നാമെല്ലാവരും ഐക്യത്തിനായി പ്രവർത്തിക്കേണ്ടതുണ്ട്. ആരും അന്യരല്ലാത്ത ഇടമാണ് ക്രിസ്തു ശരീരമായ സഭ. ഈ സാഹോദര്യത്തിന്റെ കൂട്ടായ്മ നമ്മളിലൂടെ എല്ലാവരിലേക്കും പകരപ്പെടണം.

സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം പ്രാർത്ഥനയിലാണ്. ദൈവത്തിന്റെ മുന്നിൽ ശിരസ്സ് നമിക്കുന്നവർക്ക് മാത്രമേ, ഹൃദയത്തിന്റെ പരിവർത്തനത്തിലൂടെ ഐക്യം പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളൂ. ഐക്യത്തിലേക്ക് കടന്നുചെല്ലുവാനുള്ള വാതിൽ പ്രാർത്ഥനയാണ്. സഭകളുടെ കൂട്ടായ്മയിലേക്ക് കടന്നു ചെല്ലുവാൻ ഹൃദയങ്ങൾ ദൈവത്തിങ്കലേക്ക് അടുപ്പിക്കണം. രഹസ്യവും പരസ്യവുമായുള്ള പ്രാർത്ഥനയാണ് ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാണവായു. മറ്റുള്ളവർ സഹോദരങ്ങൾ ആകുമ്പോഴാണ് നമ്മുടെ കാഴ്ചപ്പാടുകൾക്ക് മാറ്റം ഉണ്ടാകുന്നത്. പ്രാർത്ഥനയിലൂടെ സാധ്യമാകുന്ന പരിവർത്തനം നമ്മെ സ്നേഹത്തിന്റെ സുവിശേഷ വാഹകരാക്കിതീർക്കുന്നു. ക്രിസ്തുവിന്റെ സഭ ഐക്യത്തിൽ നിലകൊള്ളുന്ന സമഹൂമാണ്. എന്നാൽ അതിനോട് എത്രത്തോളം അനുരൂപപ്പെടുവാൻ നമുക്ക് സാധ്യമാകുന്നു എന്നതാണ് പ്രധാന ചോദ്യം.

വ്യത്യസ്തതകൾ ഒരുപാടുള്ള ലോകത്ത്, വ്യത്യസ്തതകളെ അംഗീകരിച്ച് മുന്നോട്ട് പോകുവാൻ നമുക്ക് സാധിക്കണം. ഒരു കൂട്ടായ്മയുടെ ദർശനം രൂപീകരിക്കുവാൻ നമുക്ക് സാധിക്കണം. ഭാരതത്തെ അടയാളപ്പെടുത്തുന്ന ഒരു പ്രധാന ഘടകം അതിന്റെ ഭരണഘടനയാണ്. എന്നാൽ ഈ ഭരണഘടനയെയും അതിലൂടെ സംവേദനം ചെയ്യപ്പെടുന്ന വ്യത്യസ്തതകളെയും തകർക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. മറ്റുള്ളവരുടെ പ്രത്യേകതകൾ കൂട്ടായ്മയിലൂടെ മനസ്സിലാക്കുവാൻ നമുക്ക് സാധിക്കണം. പരസ്പര മനസിലാക്കലുകൾ ഐക്യത്തിന്റെ അടിത്തറ ഒരുക്കുന്നതാണ്.

ചരിത്ര അവബോധം നിലനിർത്തുന്നതിലൂടെ സഭ ഐക്യം നിലനിർത്തുവാൻ നമുക്ക് സാധിക്കും. വിവിധ ഇടങ്ങളിലെ സഭകളിൽ സംഭവിക്കുന്ന വളർച്ചകളെ സന്തോഷത്തോടെ സ്വീകരിക്കുവാൻ നമുക്ക് സാധിക്കണം. സഭയിലെ നന്മകൾ പൂർണ ഹൃദയത്തോടെ സ്വീകരിക്കുവാൻ നമുക്ക് കഴിയണം. പരസ്പരം മത്സരിക്കുന്ന കമ്പനികളായി സഭകൾ മാററുത്. മറ്റുള്ളവരുടെ തെറ്റുകൾ മാത്രം ചൂണ്ടിക്കാണിക്കുന്നവരായി നമ്മൾ മാററുത്. വിശാലമായ കൂട്ടായ്മയുടെ വാതിലുകൾ തുറക്കുവാൻ നമുക്ക് സാധിക്കണം. സഭയുടെ വളർച്ചയിൽ ദൈവീക പദ്ധതിയുടെ പ്രാധാന്യത്തെ നാം വിസ്മരിക്കരുത്. അതുകൊണ്ട് നമ്മെ തന്നെ ശൂന്യരാക്കി, ദൈവത്തിന് പ്രവർത്തിക്കുവാൻ അവസരം നൽകണം. സഭാസമൂഹങ്ങൾ പരസ്പരം മത്സരികൾ ആകുകയല്ല, സഹകാരികൾ ആകുകയാണ് വേണ്ടത്. അത് ഐക്യത്തിന് ആവശ്യമായിരിക്കുന്ന ആദ്യത്തെ ചുവടുവെപ്പാണ്. പലപ്പോഴും ഐക്യത്തിന് തടസ്സമാകുന്നത് നമ്മുടെ സുരക്ഷിതത്വ ബോധമാണ്. ഭയത്തിന്റെ കണികകൾ അകറ്റി, സ്വീകാര്യതയുടെ വസന്തം തീർക്കുവാൻ നമ്മൾ പരിശ്രമിക്കണം. മറ്റുള്ളവരെ നാം മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോഴാണ് കൂട്ടായ്മ സാധ്യമാകുന്നത്.

സഭ ലോകത്തിൽ ദൈവസാന്നിധ്യത്തിന്റെ അടയാളവും കൂദാശയും ആണ്. അതുകൊണ്ട് ഐക്യത്തിനായുള്ള സഹനങ്ങളിൽ നാം പങ്കുചേരണം. എങ്കിൽ മാത്രമേ ക്രൈസ്തവ വിളി അതിന്റെ പൂർണ്ണതയിലേക്ക് എത്തുകയുള്ളൂ. പ്രതികൂലതകളിൽ ദൈവകരം മുറുകെപ്പിടിച്ച്, പരസ്പരം ഐക്യത്തിൽ നമുക്ക് മുന്നേറാം. വ്യത്യസ്തതകളിൽ ഒരുമ പുലരുന്ന വിശ്വദർശനം നമുക്ക് സ്വപ്നം കാണാം.

> ഭാരതത്തെ അടയാളപ്പെടുത്തുന്ന ഒരു പ്രധാന ഘടകം അതിന്റെ ഭരണഘടനയാണ്. എന്നാൽ ഈ ഭരണഘടനയെയും അതിലൂടെ സംവേദനം ചെയ്യപ്പെടുന്ന വ്യത്യസ്തതകളെയും തകർക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട്.

ലഹരി വിരുദ്ധ സമ്മേളനം

# ആസക്തികൾക്ക് എതിരെ ഉയരേണ്ടുന്ന പ്രവാചക ശബ്ദങ്ങൾ

ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ

**ദൈ**വത്തിന്റെ മന്ദിരമാണ് മനുഷ്യശരീരം; ദൈവമന്ദിരം എപ്രകാരം വിശുദ്ധമായി സൂക്ഷിക്കുന്നുവോ, അപ്രകാരം നാം നമ്മുടെ ശരീരങ്ങളെ വിശുദ്ധമായി സൂക്ഷിക്കണം. എന്നാൽ ഇന്ന് നമ്മുടെ സാമൂഹിക പരിസരങ്ങളിൽ ലഹരിയുടെ ഉപയോഗം ദൈനംദിനം വർദ്ധിക്കുന്നു. ഈ സാഹചര്യത്തിൽ, ലഹരിക്കെതിരെയുള്ള നമ്മുടെ പ്രവർത്തനങ്ങൾ ദൈവരാജ്യ പ്രവർത്തനത്തിന്റെ ഭാഗമായി നമുക്ക് കണക്കാക്കാം. ഈ പ്രവർത്തനങ്ങൾ തിന്മയ്ക്കെതിരെയുള്ള ഒരു പുളിമാവ് പോലെ സമൂഹത്തിൽ പ്രതിഫലിക്കുന്നു.

എന്നാൽ ഇന്ന് മലയാളി തന്റെ ആഘോഷങ്ങളിൽ നിറം ചാർത്തുന്ന ലഹരിയുടെ കണക്കിൽ മുൻവർഷങ്ങളിലെക്കാൾ ഗണ്യമായ വർദ്ധനയാണ് ഉണ്ടാകുന്നത്. മലയാളി തന്റെ മുഖ്യഭക്ഷണമായി അരി വാങ്ങുവാൻ ഒരു കൊല്ലം ചിലവഴിക്കുന്നതിന്റെ മൂന്നിരട്ടി തുക മദ്യത്തിനായി ചിലവഴിക്കുന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന മദ്യത്തിന്റെ 16 ശതമാനം കേരളത്തിൽ വിറ്റഴിക്കുന്നു എന്നത് ഖേദകരമായ വസ്തുതയായി നിലനിൽക്കുമ്പോൾ തന്നെ നാം ഇതിനെതിരെ പ്രതികരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇന്ന് മുതിർന്ന തലമുറ മാത്രമല്ല മറിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികളും യുവജനങ്ങളും ഈ വിപത്തിന് അടിമയായിത്തീരുന്നു. അവിടെയാണ് പൗലോസ് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നത് നാം ശിരസാവഹിക്കേണ്ടത്. *നിങ്ങൾ ദൈത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെതന്നെ* (1. കൊരി.3:16,17). ഈ ബോധ്യം നമ്മുടെ ഉള്ളിൽ ഉണ്ടാകുമ്പോഴേ ഇതിൽ നിന്നൊരു വിടുതൽ സാധ്യമാവുകയുള്ളൂ. എന്നാൽ ഇന്ന് വികസനത്തിന്റെ പേരിൽ നാം മദ്യ ഉപഭോഗത്തെ ന്യായീകരിക്കുമ്പോൾ മഹാത്മാഗാന്ധിയുടെ വാക്കുകൾ നാം സ്മരിക്കേണ്ടതായുണ്ട് 'മദ്യത്തിൽ നിന്നുള്ള വരുമാനം അധാർമികമാണ്'.

ലഹരിയുടെ ഉപയോഗം വ്യക്തികളെ മാത്രമല്ല ബാധിക്കുന്നത് അത് കുടുംബങ്ങളുടെ സന്തുലിതാവസ്ഥയെയും തകിടം മറിക്കുന്നതാണ്. അത് കുടുംബത്തിന്റെ സാമ്പത്തിക, സാമൂഹിക ഭദ്രതയെ നഷ്ടപ്പെടുത്തുന്നു. അതിലൂടെ മക്കളുടെ വിദ്യാഭ്യാസം, സ്വന്തം ആരോഗ്യം മുതലായവ നശിച്ചു നിത്യമായ രോഗാവസ്ഥയിലേക്ക് വഴുതി വീഴുവാൻ കാരണമാകുന്നു. ഒരു മദ്യപാനിയുടെ കുടുംബ അന്തരീക്ഷത്തിൽ സമാധാനം അന്യം നിന്നു പോകുന്നു. അതുപോലെതന്നെ അവിടെ വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾക്ക് വ്യത്യസ്തമായ സ്വഭാവ വൈകല്യങ്ങൾ (Behavioural Issues) ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ ആ ഇടങ്ങളിലെ ഹാപ്പിനസ് ഇൻഡക്സ് നഷ്ടമാവുകയും അതിലൂടെ ക്രിയാത്മകമായ ചിന്താരീതികൾ ഉടയപ്പെടുകയും, കൂടാതെ വിനാശകരമായ ചിന്തകൾ അവരുടെ മനസ്സുകളിൽ മുളപൊട്ടുകയും ചെയ്യുന്നു. ഇവിടെ മനുഷ്യന്റെ വൈകാരിക, ശാരീരിക, ആത്മീക വളർച്ച നഷ്ടപ്പെടുന്നു. ഇപ്രകാരം ആത്മീക രംഗങ്ങളിൽ ഉണ്ടാകുന്ന മൂല്യ ശോഷണം മൂലം മനുഷ്യനിലെ അക്രമവാസനകൾ വർദ്ധിക്കുകയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

> **ലഹരിയുടെ വർദ്ധിച്ച ഉപയോഗം മൂലം മലയാളികളുടെ സാമൂഹിക സാംസ്കാരിക ഇടങ്ങളിലെ ബന്ധങ്ങൾ നഷ്ടപ്പെട്ടുപോകുന്നു.**

ലഹരിയുടെ വർദ്ധിച്ച ഉപയോഗം മൂലം മലയാളികളുടെ സാമൂഹിക സാംസ്കാരിക ഇടങ്ങളിലെ ബന്ധങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. വിവാഹബന്ധങ്ങളിലെ തകർച്ച, വ്യക്തിബന്ധങ്ങളിലെ ആഴമില്ലായ്മ ഒക്കെ ലഹരി ഉപയോഗത്തിന്റെ ദൃഷ്ടാന്തങ്ങളായി മലയാളികളുടെ മുൻപിൽ തന്നെയുണ്ട്. എന്നിട്ടും ഇതിനെതിരെ പ്രവാചക ശബ്ദമാകുവാൻ നമുക്ക് കഴിയുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. ഇന്ന് നിരത്തിൽ പൊലിയുന്ന ജീവിതങ്ങൾക്ക് പിന്നിലും ലഹരിയുടെ കരങ്ങൾ ഒളിഞ്ഞിരിക്കുന്നു എന്നത് പകൽ പോലെ വ്യക്തമാണ്.

ഒരു വ്യക്തിയുടെ ജീവിതത്തിൽ ലഹരിയുടെ ഉപയോഗം വിവിധ ഘട്ടങ്ങളിലൂടെയാണ് വർദ്ധിക്കുന്നത്. ലഹരി ഉപയോഗത്തിന്റെ ഒന്നാം ഘട്ടത്തിൽ സോഷ്യൽ ഡ്രിങ്കിങ് എന്ന സ്ഥിതിയാണ് ഉണ്ടാകുന്നത്. ഈ ഘട്ടത്തിൽ അതിന്റെ താൽപര്യം വ്യക്തിക്ക് മാത്രമേ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. എന്നാൽ രണ്ടാം ഘട്ടത്തിൽ എത്തുമ്പോൾ അത് മറവിയിലേക്കും മൂന്നാംഘട്ടത്തിൽ വിട്ടുമാറാത്ത ആസക്തിയിലേക്കും വഴിയൊരുക്കുന്നു. തുടർന്ന് നാലാം ഘട്ടത്തിൽ പിടിവിട്ട അവസ്ഥയിലേക്ക് അത് മാറുന്നു. അതോടെ ആ വ്യക്തി കടുത്ത ലഹരി ഉപയോഗത്തിന് അടിമയാവുകയാണ്. എന്നാൽ ഇങ്ങനെ ലഹരിക്ക് അടിമപ്പെടുന്ന വ്യക്തികളെ ചേർത്തു നിർത്തുക എന്നതാണ് ക്രൈസ്തവ ദൗത്യം. നാം ഈ ദൗത്യം മറക്കുമ്പോൾ അനേകർ ഈ പൈശാചിക ബന്ധനങ്ങളിലേക്ക് നയിക്കപ്പെടുന്നു. ഈ സാഹചര്യങ്ങളിൽ ഭരണാധികാരികളും ജനങ്ങളും ഉണർന്ന് പ്രവർത്തിച്ച്, ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യത കുറയ്ക്കുകയും, ഇപ്രകാരമുള്ളവരെ രക്ഷയിലേക്ക് നയിക്കുന്നതുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുവാനും ശ്രമിക്കണം. ബാബിലോൺ പ്രവാസത്തിൽ പോയ ഇസ്രയേൽ ജനം തിന്മകൾക്ക് അടിമപ്പെട്ടുപോയെങ്കിലും ദൈവം പ്രവാചകന്മാരിലൂടെ പ്രവാചക ശബ്ദങ്ങളായി അവരെ വിമോചനത്തിലേക്കും രക്ഷയിലേക്കും നയിച്ചു. അത്തരത്തിൽ നമുക്കും വിമോചനത്തിന്റെ ചാലകശക്തികളും പ്രവാചക ശബ്ദവും ആയിത്തീരാം. അതിലൂടെ ഒരു പുതു ജീവിതത്തെ സാധ്യമാക്കി തീർക്കാം




മാരാമൺ കൺവൻഷൻ ലഹരി വിരുദ്ധ സമ്മേളനത്തിൽ ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ പ്രസംഗിക്കുന്നു




മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം ഗോസ്പൽ ടീമിന്റെ മാത്യൂസ് മാർ അത്താസ്യോസ് മെമ്മോറിയൽ ഗോസ്പൽ ടീം സുവർണ്ണ ജൂബിലി ലോഗോ കൺവൻഷൻ നഗറിലെ പ്രദർശന ഗാലറിയിൽ സ്ഥാപിക്കുന്നു. ഡോ.ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പൊലീത്ത, ജനറൽ സെക്രട്ടറി റവ.എബി കെ ജോഷ്വ, സഞ്ചാര സെക്രട്ടറി റവ.ജിജി വർഗീസ്, ട്രഷറർ ഡോ.എബി തോമസ് വാരിക്കാട്, മാനേജിങ് കമ്മിറ്റി അംഗങ്ങളായ ജേക്കബ് ജോൺ, തോമസ് കോശി, റവ.ഈപ്പൻ എബ്രഹാം, ടിജു എം ജോർജ്, ജിബു തോമസ്, പി.കെ കുരുവിള, എന്നിവർ സമീപം.

**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**

അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം

തോമസ് കോശി

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

റവ.എബി കെ ജോഷ്വാ

പ്രൊഫ.എബ്രഹാം പി മാത്യു

റവ.ജിജി വർഗ്ഗീസ്

ഡോ.എബി തോമസ് വാരിക്കാട്

റവ. അലക്സ് വൈ.

സജി എം ജോർജ്

**ഡിസൈൻ & ലേ ഔട്ട്**

സാബു ചാക്കോ പനവേലി

സാമൂഹിക തിന്മയ്ക്കെതിരായ യോഗം

# അസത്യത്തിന്റെ കാലത്തിൽ ബോധ്യങ്ങളുടെ പുനർവിചിന്തനം

ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത




*മാരാമൺ കൺവൻഷൻ സാമൂഹിക തിന്മയ്ക്കെതിരായ യോഗത്തിൽ ഡോ. എബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്ത സംസാരിക്കുന്നു.*

**വേദഭാഗം : ഹോശേയ 4:1–9**

മാർത്തോമ്മാ സഭ സാമൂഹിക തിന്മയ്ക്കെതിരായുള്ള അവബോധം എന്ന വിഷയത്തെ മാരാമണ്ണിൽ വെച്ച് ചർച്ച ചെയ്യുന്നതിന്റെ കാരണമെന്ത്?

1. ഇത് തിന്മകളെ നിഷ്കാസനം ചെയ്യാനുള്ള രീതിശാസ്ത്രം ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. അത് നടപ്പിലാക്കാനുമുള്ള ശ്രമവും നമ്മിൽ സൃഷ്ടിക്കപ്പെടണം.

2. കൺവെൻഷന് ശേഷം എന്താണ് നാം ഈ ഒരു വിഷയത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യുവാൻ പോകുന്നത്?

കർത്താവിന്റെ പ്രാർത്ഥനയിൽ യേശു ദുഷ്ടനിൽ നിന്ന് രക്ഷിക്കേണമേ എന്ന് പ്രാർത്ഥിക്കുന്നുണ്ട്. സമകാലിക ലോകത്തിൽ ഉപയോഗിക്കുന്ന ചില വാക്കുകൾ ഇവയാണ്. കുടിലത, വഴിപിഴച്ചത്, വിശ്വാസരഹിതമായ, തിന്മ, അധാർമികത എന്നീ വാക്കുകൾ സർവ്വസാധാരണമായി ഉപയോഗിക്കപ്പെടുന്നു. സാമൂഹിക തിന്മകൾ വ്യക്തികളെ വലിയ ജീവിതാഘാതത്തിലേക്ക് നയിക്കുന്നു. നാം തന്നെ ശരി തെറ്റുകൾ തീരുമാനിക്കുമ്പോൾ നാം ചെയ്യുന്നത് പലതും എപ്പോഴും ശരിയാണ്. കാരണം നാം ചെയ്യുന്നത് എപ്പോഴും നമ്മുടെ ശരികൾ മാത്രമാണ്.

ക്രിസ്ത്യാനി എന്ന നിലയിൽ ക്രിസ്തുവെന്ന അളവുകോലിനാൽ ആകണം, അഥവാ അവന്റെ വചനത്താൽ ആകണം നന്മതിന്മകളെ നാം അളക്കുവാൻ. ഞാനും എനിക്ക് ചുറ്റുമുള്ള ഇടങ്ങളും, അത് തിന്മ ഇല്ലാത്ത അവസ്ഥയിലാണ് നിലനിൽക്കുന്നത് എന്ന ചിന്ത പ്രബലപ്പെടുന്നു. എന്നാൽ നാം ഉൾപ്പെടാത്ത ഇടത്തിൽ അഥവാ നമുക്ക് വെളിയിൽ ആണ് തിന്മ നടക്കുന്നത് എന്ന തെറ്റായ ചില ചിന്തകൾ ഈ കാലത്ത് പ്രബലപ്പെട്ടുവരുന്നു എന്നത് നിസ്തർക്കമാണ്.

തിന്മയെ മനസ്സിലാക്കേണ്ട മൂന്ന് തലങ്ങൾ എന്തെല്ലാമാണ്?

1. വ്യക്തിതലത്തിലെ തിന്മ അനാവരണം ചെയ്യുക

2. സമൂഹത്തിലെ തിന്മ അനാവരണം ചെയ്യുക

3. സഭയിലെ തിന്മ അനാവരണം ചെയ്യുക.

ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അഭിപ്രായത്തിൽ പാപം എന്നത് ദരിദ്രരുടെ ഇടയിൽ സമ്പന്നരായി ജീവിക്കുന്ന അവസ്ഥയാണ്. അതാണ് തിന്മയുടെ തലം എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

പലപ്പോഴും നമ്മുടെ ചിന്താഗതികൾ ചുറ്റുമുള്ളവരെ അടിസ്ഥാനപ്പെടുത്തിയാണ്. നമുക്ക് ചുറ്റുമുള്ളവർ കാണുന്നതുപോലെ കാണുവാൻ ശ്രമിക്കുക എന്നതിലൂടെ മറ്റുള്ളവരെപോലെ ആകാനാണ് നമ്മൾ ശ്രമിക്കുന്നത്. ദൈവഹിതം തിരിച്ചറിയാൻ നമ്മൾ മറന്നുപോകുകയാണ്. ഞാൻ കരുതുന്ന എന്റെ ശരികൾക്കപ്പുറം നീതിബോധത്തിലൂന്നിയ ജീവിത ശൈലിയാണ് ദൈവം ആഗ്രഹിക്കുന്നത്. തെറ്റാണെന്ന് ബോധ്യപ്പെടുന്നതായ വസ്തുതകളെ തിരുത്തുവാൻ നമുക്ക് സാധിക്കണം.

സാമൂഹിക തലത്തിൽ നിന്ന് സംസാരിക്കുമ്പോൾ, ഇന്ന് ശൂർപണകകളും, കാപാലികന്മാരും മറ്റുമാണ് മാധ്യമ ചർച്ചകളുടെ വിഷയങ്ങളായി മാറുന്നത്. സമൂഹമാധ്യമങ്ങളിലെ അർധസത്യങ്ങൾ പലരെയും നാശത്തിലേക്ക് തള്ളിയിടുകയാണ്, കാരണം അതിന്റെ സത്യാവസ്ഥയെ മനസ്സിലാക്കുവാൻ നാം തയ്യാറാകുന്നില്ല എന്നതാണ്.

ഹോശെയ നാലാം അധ്യായത്തിലെ തിന്മകൾ പലതും ഇന്നത്തെ സമൂഹത്തിൽ പ്രബലമാണ്. നുണകൾ പെയ്ഡ് ന്യൂസ് ആകുന്ന കാലം. ദൈവ പരിജ്ഞാനം ഇല്ലാത്ത പുതുതലമുറയെ പെട്ടെന്ന് സാമൂഹിക മാധ്യമങ്ങളും സ്മാർട്ട്ഫോണും ഇന്ന് കീഴ്പ്പെടുത്തുന്നുണ്ട്.

സമൂഹത്തിലെ പൊതു തിന്മകൾ.

എന്നും കേൾക്കുന്ന ഒന്നാണ് ,മുതിർന്ന തലമുറ ചെയ്യുന്നത് അഥവാ ചെയ്തതായിരുന്നു ശരി എന്നതായ പ്രയോഗം. ഹോശെയയുടേതുപോലെ തന്നെ, ഇത് അസത്യത്തിന്റെ കാലമാണിത്, കള്ളത്തരത്തിൻറെയും, പൊണ്ണത്തരത്തിന്റെയും കാലമാണിത്. Parenting aspect ചേർന്ന് ചിന്തിച്ചാൽ, we define success of life, only as gaining degrees and white-collar jobs.

നാം ഇന്നും ആണയിടുന്നു, ഭോഷ്ക് പറയുന്നു, കൊലപാതകങ്ങൾ അമ്മമാരുടെ ഗർഭപാത്രത്തിൽ പെരുകിവരുന്നു. കള്ളന്മാർ ഇന്ന് ചെറിയ മോഷ്ടാക്കളല്ല. Glorified Robbers ആണ്. വ്യഭിചാരം, കാര്യ സാധ്യത്തിന്റെ ഉപാധിയും, ഒരു നല്ല വ്യവസായവുമായി വളരുന്നു. തിന്മയുടെ കാലത്തിലും നന്മയുടെ വെൺമരങ്ങളാണ് നമുക്കുള്ള പ്രത്യാശ.

സ്ഥാപനവത്കരണം ഇന്ന് സഭയിൽ ഏറിവരുന്നു. ചിലയിടത്തെങ്കിലും സ്വജനപക്ഷവാദത്തിന്റെയും, പണം ഇടപാടുകളിലെ നേരില്ലായ്മകളും തിന്മയുടെ ദൃശ്യഭാവം ആകുന്നു. ആദിമസഭയുടെ സ്വഭാവ വിശേഷണങ്ങളിലേക്ക് സഭ മടങ്ങണം. (A worshipping, caring, loving, sharing church) ഈ വിശേഷണങ്ങൾ നമ്മിൽ വിളങ്ങുമ്പോൾ മാത്രമേ സഭ വളരുന്ന കൂട്ടമായി തീരുകയുള്ളൂ. ലോകത്തിലെ തിന്മകളെ ഉച്ചാടനം ചെയ്യുക എന്നത് സഭയുടെ ദൗത്യമാണ്.

Action plan to counter social evils. വിശുദ്ധ വചനത്തിന്റെയും കർത്താവിന്റെ പഠിപ്പിക്കലിന്റെയും അടിസ്ഥാനത്തിൽ നന്മ തിന്മകളുടെ ബോധ്യം ഉണ്ടാകണം. വചനത്തിന്റെ അടിസ്ഥാനമുള്ള സംസ്കാരം അന്യം നിൽക്കുന്നതാണ് തിന്മകൾ വളരുവാൻ കാരണമായി തീരുന്നത്.

നാം പരിശ്രമിക്കേണ്ടത് ചില തിന്മയുടെ ഘടനകളോടുള്ള കൂട്ടുകെട്ടുകളോട് 'നോ' എന്ന് പറയുവാനാണ്. നന്മയിലേക്ക് നയിക്കാൻ പോകുന്ന കൂട്ടായ്മകൾ ഉണ്ടാകണം. അതോടൊപ്പം നിരന്തരമായ പരിശ്രമവും വേണം. സാമൂഹിക, രാഷ്ട്രീയ, ആത്മീയ ഇടങ്ങളിലെ തിന്മകൾക്കെതിരെ വ്യക്തിതലത്തിലും സമൂഹതലത്തിലും പോരാടുവാൻ നമുക്ക് കഴിയണം. കുടുംബാന്തരീക്ഷത്തിൽ ഉണ്ടാകുന്ന പ്രേരണകൾ അതിനു നമ്മെ സഹായിക്കും.

ഈ അസത്യത്തിന്റെ കാലഘട്ടത്തിൽ നന്മതിന്മകളെ തിരിച്ചറിയുവാൻ നമ്മുടെ ഏക ശിലാത്മകമായ ബോധ്യങ്ങളിൽ നിന്ന് അകന്ന് ക്രൈസ്തവ ദർശനത്തിൽ ജീവിതത്തെ കെട്ടുപണിചെയ്യാം. ഏക സത്യങ്ങൾ എന്ന ബോധ്യത്തെ പൊളിച്ചെഴുതി ക്രൈസ്തവ ധാർമികതയിൽ ദൈവീക വിളി ശ്രവിച്ചുകൊണ്ട് സമൂഹത്തിൽ നിലനിൽക്കുവാൻ നമുക്ക് സാധിക്കണം. ആ അവസരത്തിൽ സാമൂഹിക തിന്മകളെ ഇല്ലാതാക്കുവാൻ നമുക്ക് സാധിക്കും. അതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

**നാം പരിശ്രമിക്കേണ്ടത്, പഠിക്കേണ്ടത് ചില തിന്മയുടെ ഘടനകളോടുള്ള കൂട്ടുകെട്ടുകളോട് 'നോ' എന്ന് പറയുവാനാണ്. നന്മയിലേക്ക് നയിക്കാൻ പോകുന്ന കൂട്ടായ്മകൾ ഉണ്ടാകണം. അതോടൊപ്പം നിരന്തരമായ പരിശ്രമവും വേണം.**